**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **13-09-2023 - ൽ മറുപടിയ്ക്ക്**

**ബ്രഹ്മപുരം തീപിടുത്തത്തിന്റെ അനന്തരഫലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ബ്രഹ്മപുരം തീപിടുത്തം നിയന്ത്രിക്കുന്നതിൻമേൽ സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) | കൃത്യമായ തുക കണക്കാക്കിയിട്ടില്ല. |
| (ബി) | വിഷപ്പുക ശ്വസിക്കേണ്ടി വന്നതിനാലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തിയിരുന്നോ; | (ബി) | ബ്രഹ്മപുരം തീപിടുത്തത്തെ തുടർന്ന് ഉടലെടുത്ത ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് 04.04.2023 തീയതിയിലെ സ.ഉ.(സാധാ)നം.793/2023/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് പരിശോധിച്ചു വരുന്നു.<br><br>എറണാകുളം ജില്ലാ കളക്ടറുടെ 27.06.2023-ലെ DCEKM/648/2021/D1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സോഷ്യോ എകൊണോമിക് & ഹെൽത്ത് ഇംപാക്റ്റ് സ്റ്റഡി ടീം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ബ്രഹ്മപുരം പ്ലാന്റിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ ബയോമൈനിംഗ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കരാർ എടുത്തിരുന്ന സോൺടാ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ടി പ്രവൃത്തി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭാ കൗൺസിലിന്റെ 30.05.2023-ലെ 22-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത കമ്പനിയുടെ കരാർ റദ്ദ് ചെയ്ത്, വിവരം ടി സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.<br><br>ടി വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടന്നുവരുന്നു.<br><br>തീപിടുത്തവുമായി ബന്ധപ്പെട്ട് ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 309/2023 |

| | | | |
|---|---|---|---|
| | | | പ്രകാരം കേസ് രജിസ്റ്റർ ചെയ്തും അന്വേഷണം നടന്ന് വരുന്നു.<br>09.04.2023-ലെ സ.ഉ.(സാധാ)നം. 841/2023/LSGD ഉത്തരവ് പ്രകാരം ബ്രഹ്മപുരം അഗ്നിബാധ അന്വേഷിക്കുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ